**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **30-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയത്തിന്റെ ഭാഗമായി നടന്ന ധനകാര്യ സെമിനാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുന്ന സാമ്പത്തിക അടിയന്തരാവസ്ഥയുൾപ്പെടെയുള്ള നീക്കങ്ങൾ ഫെഡറലിസത്തിന് എതിരാണെന്ന് കേരളീയത്തിന്റെ ഭാഗമായി നടന്ന ധനകാര്യ സെമിനാറിൽ സാമ്പത്തിക വിദഗ്ധൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി വന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടം, കടമെടുപ്പ് പരിധി വെട്ടിക്കുറച്ച കേന്ദ്ര നയം എന്നിവ കേരളീയത്തിന്റെ ഭാഗമായി നടന്ന ധനകാര്യ സെമിനാറിൽ പരാമർശിക്കുകയുണ്ടായി. |
| (ബി) | സംസ്ഥാനത്തിന്റെ ഏതെല്ലാം ആവശ്യങ്ങൾ പതിനാറാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ ഉന്നയിക്കണമെന്ന നിർദേശങ്ങളാണ് സെമിനാറിൽ ഉയർന്നുവന്നതെന്ന് വിശദമാക്കാമോ; | (ബി) | 16-ാം ധനകാര്യ കമ്മിഷന്റെ പരാമീറ്ററുകൾ നിശ്ചയിക്കുമ്പോൾ ആവശ്യമായ മാറ്റങ്ങൾ വരുത്തിയെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സെമിനാറിൽ അഭിപ്രായമുയർന്നു. അധികാരവികേന്ദ്രീകരണത്തിനുള്ള മാനദണ്ഡങ്ങളിലും അവയ്ക്ക് നൽകിയിരിക്കുന്ന വെയിറ്റേജിലും ആവശ്യമായ മാറ്റങ്ങളെക്കുറിച്ചുള്ള ആശയങ്ങൾ ഏകീകരിക്കാനും ഇക്കാര്യങ്ങൾ നന്നായി പഠിച്ച് ഒരു നിർദ്ദേശം തയ്യാറാക്കി 16-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിനും കേരളം ഉടൻ ശ്രമിക്കണമെന്നും നിർദ്ദേശമുണ്ടായിട്ടുണ്ട്.<br><br>കൂടാതെ, അടിസ്ഥാന സൗകര്യങ്ങളുടെ ഗണ്യമായ കുറവ്, വയോജനങ്ങളുടെ ജനസംഖ്യയിലുള്ള വർദ്ധനവ്, വനസംരക്ഷണം, മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സംഘർഷം, റവന്യൂ കമ്മി എന്നിവ ഉയർന്ന കേന്ദ്ര വിഹിതം അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കണമെന്ന് കേരളത്തിന് ആവശ്യപ്പെടാവുന്നതാണെന്നും നിർദ്ദേശം ഉന്നയിച്ചിട്ടുണ്ട്. |
| (സി) | പ്രതികൂല സാഹചര്യത്തിലും കേരള വികസന | (സി) | സംസ്ഥാനത്ത് ഇന്നൊവേഷൻ |

| | | | |
|---|---|---|---|
| | മാതൃകയുടെ അടിത്തറയിൽ നിന്നുകൊണ്ട് വിജ്ഞാന സമ്പദ് വ്യവസ്ഥയിലുള്ള പരിവർത്തന നടപടികൾക്ക് തുടക്കമിടുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | | പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാഥമിക ഏജൻസിയാണ് കെ-ഡിസ്ക്. ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം സുഗമമാക്കുന്നതിനുള്ള അധിക ചുമതലയും കെ-ഡിസ്ക് ന് നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും കെ-ഡിസ്കിന്റെ മുൻഗണന വിഷയങ്ങളാണ്. |

സെക്ഷൻ ഓഫീസർ

# വിശദീകരണ കുറിപ്പ്

കേരളീയത്തിന്റെ ഭാഗമായി നടന്ന **'കേരളീയം 2023 – കേരള സമ്പദ് വ്യവസ്ഥ'** എന്ന സെമിനാറിൽ പങ്കെടുത്ത വിവിധ വിഷയ വിദഗ്ധർ കേന്ദ്രസർക്കാർ പിന്തുടരുന്ന ധനനയങ്ങളിൽ ആശങ്കകൾ ഉന്നയിച്ചു. ഒരു നിശ്ചിത കാലയളവിൽ കേന്ദ്ര നികുതികളുടെ വികേന്ദ്രീകരണത്തിൽ വന്ന ഗുരുതരമായ കുറവും കേന്ദ്ര സർക്കാരിന്റെ മുൻകാല പ്രാബല്യത്തോടെയുള്ള കടമെടുപ്പ് പരിധി സംബന്ധിച്ച പുതിയ നയങ്ങളും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചുവെന്നും ആയത് സംസ്ഥാനത്തിന്റെ പ്രവർത്തന സ്വാതന്ത്ര്യത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും ഈ സാഹചര്യം മറികടക്കാൻ രാഷ്ട്രീയ പരിഹാരം കാണണമെന്നും അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

കൂടാതെ, 12-ാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം നിശ്ചയിച്ച വായ്പാ പരിധികൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ലഭ്യമായിട്ടുള്ള ഉയർന്ന കോർപ്പറേറ്റ് സേവിംഗ്സുകളുടെകൂടി അടിസ്ഥാനത്തിൽ യാഥാർത്ഥ്യബോധത്തോടെ പുനർനിർണ്ണയിക്കണമെന്നും ഈ ആശയത്തിന് ആഗോളതലത്തിൽത്തന്നെ സ്വീകാര്യതയുണ്ട് എന്നുമുള്ള അഭിപ്രായങ്ങൾ സെമിനാറിൽ ഉയർന്നുവന്നു. സംസ്ഥാനത്തിന് സ്ഥലപരമായ ചില പ്രതികൂല സാഹചര്യങ്ങൾ ഉണ്ട്, അതായത്, സംസ്ഥാനത്ത് ഗതാഗത ചെലവുകൾ കൂടുതലാണ് ആയതിന്റെ ഫലമായി ഭൂമി വാങ്ങുന്നതിനുള്ള ചെലവ്, തൊഴിലാളികൾക്കുള്ള കൂലി എന്നിവ ഇതര സംസ്ഥാനങ്ങളെക്കാൾ കൂടുതലാണ്, എന്നാൽ ഇതൊന്നും സംസ്ഥാനത്തിനുള്ള ഫിനാൻസ് കമ്മീഷൻ അവാർഡ് മാനദണ്ഡത്തിൽ പരിഗണിക്കപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ 16-ാം ധനകാര്യ കമ്മീഷനിൽ ഈ വിഷയങ്ങൾ ഉന്നയിക്കാനും അർഹമായ പ്രാധാന്യത്തോടെ പരിഗണിക്കാനുമുള്ള അവസരമാണെന്നും അതുകൊണ്ട് 16-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ, ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും അധികാരവികേന്ദ്രീകരണത്തിനുള്ള മാനദണ്ഡങ്ങളിലും അവയ്ക്ക് നൽകിയിരിക്കുന്ന

വെയിറ്റേജിലും ആവശ്യമായ മാറ്റങ്ങളെക്കുറിച്ചുള്ള ആശയങ്ങൾ ഏകീകരിക്കാനും ഇക്കാര്യങ്ങൾ നന്നായി പഠിച്ച് ഒരു നിർദ്ദേശം തയ്യാറാക്കാനും കേരളം ഉടൻ ശ്രമിക്കണമെന്നും നിർദ്ദേശമുയർന്നിട്ടുണ്ട്. കൂടാതെ, അടിസ്ഥാന സൗകര്യങ്ങളുടെ ഗണ്യമായ കുറവ്, വയോജനങ്ങളുടെ ജനസംഖ്യയിലുള്ള വർദ്ധനവ്, വനസംരക്ഷണം, മനുഷ്യ-മൃഗ സംഘർഷം, റവന്യൂ കമ്മി എന്നിവ ഉയർന്ന കേന്ദ്ര വിഹിതം അനുവദിക്കുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കണമെന്ന് കേരളത്തിന് ആവശ്യപ്പെടാവുന്നതാണെന്നും നിർദ്ദേശം ഉന്നയിച്ചിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും റോബോട്ടിക്സിന്റെയും ഈ കാലഘട്ടത്തിൽ മാറിവരുന്ന സാങ്കേതികവിദ്യയെ കൂടുതൽ ഉൾക്കൊള്ളുന്നതും, പ്രാദേശിക സംസ്കാരത്തെയും സമൂഹത്തെയും മനസ്സിലാക്കിക്കൊണ്ടും സാങ്കേതികവും ശാസ്ത്രീയവുമായ അറിവിലും ധാർമ്മികതയിലും വേരൂന്നിക്കൊണ്ട് കൂടുതൽ സാർവത്രികവും ബഹുസ്വരവും ജനാധിപത്യപരവും വളരെ ക്രിയാത്മകമായ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനുമാണ് സംസ്ഥാനം ലക്ഷ്യമിടേണ്ടതെന്ന് സെമിനാറിൽ നിർദ്ദേശം വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രാഥമിക ഏജൻസിയായ കെ-ഡിസ്കിന് ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള കേരളത്തിന്റെ പരിവർത്തനം സുഗമമാക്കുന്നതിനുള്ള അധിക ചുമതല നൽകിയിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിനും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും കെ-ഡിസ്കിന്റെ മുൻഗണനാ വിഷയങ്ങളായി പരിഗണിക്കുന്നുണ്ട്.